പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3615 19/02/2013-ൽ മറുപടിക്ക്

**ഉത്തരക്കടലാസ് പുന:പരിശോധനയ്ക്കായി അപേക്ഷിക്കുന്നവർക്ക് ഉത്തരക്കടലാസിന്റെ പകർപ്പ് കൂടി നൽകാൻ നടപടി**

ചോദ്യം:

ശ്രീ. കെ.വി വിജയദാസ്

ഉത്തരം:

ശ്രീ. ഉമ്മൻചാണ്ടി
മുഖ്യമന്ത്രി

(എ) 2011 ജൂണിനും 2013 ജനുവരി 31-നുമിടയിൽ പി.എസ്.സി പരീക്ഷയെഴുതിയ ഉദ്യോഗാർത്ഥികളിൽ ഉത്തരക്കടലാസ് പുന:പരിശോധനയ്ക്കായി 50 രൂപ ഫീസ് ഒടുക്കി അപേക്ഷിക്കുന്നവർക്ക് മാർക്കിൽ എന്തെങ്കിലും വ്യത്യാസം വന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എ) 2011 ജൂണിനും 2013 ജനുവരി 31-നുമിടയിൽ OMR പരീക്ഷയെഴുതിയ ഉദ്യോഗാർത്ഥികളിൽ ഉത്തരക്കടലാസ് പുന:പരിശോധനയ്ക്കായി അപേക്ഷിച്ചവരുടെ മാർക്കിൽ വ്യത്യാസം വന്നിട്ടില്ല. എന്നാൽ വിവരണാത്മക എഴുത്തുപരീക്ഷയുടെ ഉത്തരക്കടലാസ് പുന:പരിശോധനയ്ക്കായി അപേക്ഷിച്ചവരിൽ ഒരു തസ്തികയിൽ മാർക്കിൽ വ്യത്യാസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) എങ്കിൽ എത്ര പേർക്ക് : വിശദാംശം നൽകുമോ;

(ബി) വനം വകുപ്പിലെ റേഞ്ച് ഫോറസ്റ്റ് ആഫീസർ തസ്തികയ്ക്കായി (Cat.No.293/11) 29-12-11 മുതൽ 31-12-11 വരെ നടന്ന വിവരണാത്മക പരീക്ഷയിൽ ഉത്തരക്കടലാസ് പുന:പരിശോധിച്ചപ്പോൾ 4 ഉദ്യോഗാർത്ഥികൾക്ക് മാർക്ക് കൂട്ടി എഴുതിയതിൽ വ്യത്യാസം ഉള്ളതായി ശ്രദ്ധയിൽപ്പെട്ടു.

(സി) ഇതോടൊപ്പം ഉത്തരക്കടലാസിന്റെ പകർപ്പുകൂടി നൽകുന്ന കാര്യം പരിഗണി

(സി) ഒ.എം.ആർ പരീക്ഷയുടെ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ച് 45

കുമോ; ഇതിന് നിലവിൽ എന്തെങ്കിലും നിയമ തടസ്സമുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

ദിവസത്തിനകം നിശ്ചിത ഫീസായ 200 രൂപയുടെ ചെല്ലാൻ സഹിതം അപേക്ഷിക്കുന്നവരുടെ OMR ഉത്തരക്കടലാസിന്റെ പകർപ്പ് നല്കുവാൻ നിലവിൽ വ്യവസ്ഥയുണ്ട്. എന്നാൽ അസാധുവാക്കപ്പെട്ട ഉത്തരക്കടലാസുകളുടെ പകർപ്പ് നല്കുവാൻ വ്യവസ്ഥയില്ല. ആയത് നല്കണമെന്ന വിവരാവകാശ കമ്മീഷന്റെഉത്തരവിനെതിരെകമ്മീഷൻ ബഹു. ഹൈക്കോടതിയിൽ റിട്ട് ഫയൽ ചെയ്തിട്ടുണ്ട്. അന്തിമവിധി ആയിട്ടില്ല. വിവരണാത്മക പരീക്ഷയുടെ .ഉത്തരക്കടലാസിന്റെ പകർപ്പ് നല്കുവാനും നിലവിൽ വ്യവസ്ഥ ഇല്ല.

സെക്ഷൻ ഓഫീസർ